# വികസനം ക്ഷേമം → തുടരാം

സർക്കാരിന്റെ സുകൃതകരങ്ങൾ തൊടാത്ത വീടില്ല. അത് ചേർത്തുപിടിക്കാത്ത ദിവസമില്ല. അതേപ്പറ്റി പറയാത്ത മണിക്കൂറുകളില്ല. അവയെല്ലാം നിലനിർത്താനും കൂടുതൽ ശക്തിയോടെ തുടരാനും ആഗ്രഹിക്കാത്തവരുമില്ല തുടർ ഭരണത്തിൽ വീണ്ടും എൽഡിഎഫ് സർക്കാർ ചെയ്യുന്നതെന്തെന്ന ഓർമപ്പെടുത്തൽ...

## വാക്കു പറഞ്ഞു; നടപ്പാക്കി

**എൽഡിഎഫ് 2016 ലെ പ്രകടനപത്രികയിൽ 600 വാഗ്ദാനങ്ങളാണ് ജനങ്ങൾക്ക് നൽകിയത്. അഞ്ചുവർഷത്തിൽ 580 ഉം നടപ്പാക്കി. ഒന്നും നടക്കില്ല എന്ന ധാരണ മാറ്റി പലതും നേടാനാകും എന്ന് തെളിയിച്ചു. അവയിൽ ചിലത് ഇതാ:**



- **ലൈഫിൽ 2,51,684 വീട്**
- **ക്ഷേമ പെൻഷൻ 600 രൂപയിൽനിന്ന് 1600 ആക്കി. എണ്ണം 34 ലക്ഷത്തിൽനിന്ന് 59.5 ലക്ഷമായി**
- 1,76,711 പേർക്ക് പട്ടയം നൽകി.
- 1,37,285 ഭൂമികേസ് തീർപ്പാക്കി
- 4768 ആദിവാസി കുടുംബത്തിന് 3869.73 ഏക്കർ ഭൂമി നൽകി
- **ഫാർമേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിച്ചു**
- 16 ഇനം പഴം പച്ചക്കറിക്ക് താങ്ങുവില
- നെല്ലിന്റെ സംഭരണ വില 28. നാളികേരത്തിന് 32 രൂപ. 50,000 ഏക്കർ തരിശുനിലം കതിരണിഞ്ഞു.
- **കടൽക്ഷോഭ മേഖലയിലെ 18,685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടിന് 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതി നടപ്പാക്കി**
- പട്ടിക വിഭാഗങ്ങൾക്കുള്ള എല്ലാ ആനുകൂല്യവും മത്സ്യത്തൊഴിലാളി കുട്ടികൾക്കും
- **10697 കോടിരൂപ ചെലവിട്ടു. മാവേലി സ്റ്റോറിൽ 13 ഇനം സാധനങ്ങളുടെ വില കൂട്ടിയില്ല**
- 1000 ജനകീയ ഹോട്ടൽ തുടങ്ങി. 20 രൂപയ്ക്ക് ഊൺ. 88 ലക്ഷംപേർക്ക് പ്രതിമാസം സൗജന്യ ഭക്ഷ്യ കിറ്റ്.




- പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിന് 20,800 കോടിരൂപ
- **45000 ഹൈടെക് ക്ലാസ് മുറി**
- ആറരലക്ഷം കുട്ടികൾ പുതുതായി പൊതുവിദ്യാലയത്തിൽ
- പുതുതായി 236 മെഗാവാട്ട് വൈദ്യുതി കൂടി
- 400 കെ വി ഇടമൺ കൊച്ചി പവർലൈൻ. ഫിലമെന്റ് രഹിത കേരളം



- **ആർദ്രം മിഷൻ ആരംഭിച്ചു. 463 സാമൂഹ്യാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി**
- 7263 പുതിയ തസ്തിക. മെഡിക്കൽ കോളേജുകൾ സെന്റർ ഓഫ് എക്സലൻസ്. കൊച്ചിയിൽ റീജ്യണൽ ക്യാൻസർ സെന്റർ
- ഐടി പാർക്കുകളിൽ പുതുതായി 102.7 ലക്ഷം ചതുരശ്രഅടി ഇടം
- 7350 കോടി രൂപയുടെ ഐടി കയറ്റുമതി.
- **3900 സ്റ്റാർട്ടപ് രജിസ്റ്റർ ചെയ്തു. 1300 കോടി രൂപയോളം സമാഹരിച്ചു. 30,000ത്തോളം തൊഴിലവസരം**
- 17 പൊതുമേഖലാ സ്ഥാപനം ലാഭത്തിൽ. 102 കോടിരൂപ ലാഭം
- കുടുംബശ്രീഅംഗത്വം 40ലക്ഷത്തിൽ നിന്ന് 45 ലക്ഷമായി. 11,804 കോടിരൂപ വായ്പ നൽകി
- **സ്ത്രീകൾക്ക് പ്രത്യേക വകുപ്പ് രൂപീകരിച്ചു**



- കേരള ബാങ്ക് യാഥാർഥ്യമാക്കി
- മുന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം നടപ്പാക്കി
- **ആലപ്പുഴ, കൊല്ലം, തിരുവല്ല ബൈപാസുകൾ യാഥാർഥ്യമായി**
- മാഹി–തലശേരി ബൈപാസ് അന്തിമ ഘട്ടത്തിൽ. മലപ്പുറം റിങ് റോഡ് യാഥാർഥ്യമായി



- **വൈറ്റില, കുണ്ടന്നൂർ, രാമനാട്ടുകര, തൊണ്ടയാട്, പന്നിയങ്കര, ഇടപ്പള്ളി മേൽപ്പാലം യാഥാർഥ്യമാക്കി**
- **കാസർകോട്–തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ 25 ശതമാനം തുക സംസ്ഥാന വിഹിതം**



കോട്ടയം മെഡിക്കൽകോളേജിൽ പുതിയ അത്യാഹിത വിഭാഗം






- **ക്ഷേമപെൻഷൻ 2500 രൂപയാക്കും**
- 40 ലക്ഷം തൊഴിലവസരം സൃഷ്ടിക്കും
- അടുത്തവർഷം ഒന്നര ലക്ഷം വീട്
- കിടപ്പാടം ജപ്തി ചെയ്യുന്നതിനെതിരെ നിയമം
- എല്ലാവർക്കും കുടിവെള്ളം
- പരമ ദരിദ്ര കുടുംബങ്ങൾക്ക് മൈക്രോ പ്ലാൻ
- 4.5 ലക്ഷം കുടുംബത്തിന് 15 ലക്ഷംവരെ സഹായം
- മുഴുവൻ ആദിവാസി–പട്ടിക ജാതി കുടുംബത്തിനും വീട്
- കർഷകരുടെ വരുമാനം 50 ശതമാനം ഉയർത്തും
- റബറിന്റെ തറവില 250 രൂപയാക്കും
- മലയോര കൃഷിക്കാരുടെ പട്ടയപ്രശ്നം പരിഹരിക്കും



**വീട്ടമ്മമാർക്ക് പെൻഷൻ**

**അമ്പതിന പരിപാടിയാണ് എൽഡിഎഫ് പ്രകടനപത്രികയിൽ ഇത്തവണ പറഞ്ഞിട്ടുള്ളത്. മൊത്തം 900 വാഗ്ദാനം; വാഗ്ദാനമല്ല, നടപ്പാക്കുമെന്ന ഉറപ്പ്**


## എൽഡിഎഫിന്റെ ഉറപ്പ്

- 10,000 കോടിയുടെ സ്വകാര്യ വ്യവസായനിക്ഷേപം
- 3 ലക്ഷം ഇടത്തരം വ്യവസായ സംരംഭം
- സ്റ്റാർട്ടപ്പുകൾ 15000 ആക്കും
- 60,000 കോടിയുടെ പശ്ചാത്തല സൗകര്യ വികസനം
- മലയോര, തീരദേശ ഹൈവേകൾ പൂർത്തിയാക്കും
- ആരോഗ്യ, വിദ്യാഭ്യാസ മേഖലകൾ ലോകോത്തരമാക്കും
- സൗജന്യ ചികിത്സക്ക് 5 ലക്ഷം രൂപവരെ നൽകും
- ഉന്നത വിദ്യാഭ്യാസരംഗം മികവുറ്റതാക്കും
- നിയമനങ്ങൾ പിഎസ്സി മുഖേന ഒഴിവുകൾ പൂർണമായും റിപ്പോർട്ട് ചെയ്യുന്നുമെന്ന് ഉറപ്പാക്കും
- 2040 വരെ വൈദ്യുതി ക്ഷാമമില്ല
- കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കും
- തീരദേശ വികസനത്തിന് 5000 കോടിയുടെ പാക്കേജ്
- കോർപ്പറേറ്റ് ട്രോളറുകൾക്ക് കേരളത്തിൽ പ്രവർത്തനാനുമതിയില്ല
- പ്രവാസി പുനരധിവാസത്തിന് മുന്തിയ പരിഗണന

## നമ്മൾ പൗരന്മാർ തന്നെ; ഉറപ്പ്

### എൻആർസി നടപ്പാക്കില്ലെന്ന് ആദ്യം പ്രഖ്യാപിച്ചത് കേരളം

നിയമസഭാ തെരഞ്ഞെടുപ്പിന് ശേഷം നടപ്പാക്കുമെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞത്.



**പിണറായി വിജയൻ:**
അത് ബിജെപിയുടെ മോഹമാണ്. ഇടതുപക്ഷം ഉള്ളിടത്തോളം ആ മോഹം നടക്കാൻ പോകുന്നില്ല. ഇവിടെ ഒരു കരുതൽ തടങ്കൽ പാളയം പോലും ഉണ്ടാവുകയുമില്ല. കേന്ദ്രത്തിന്റെ ഈ നീക്കത്തിന് യുഡിഎഫ് രഹസ്യമായി ഒത്താശ ചെയ്യുകയാണ്. പൗരത്വ നിയമം നടപ്പാക്കുന്നതിനെതിരെ അവസാന ശ്വാസം വരെ ചെറുത്തുനിൽക്കും.

### കോൺഗ്രസ് എന്താണ് ചെയ്തത്

പൗരത്വ ഭേദഗതി നിയമത്തിനെതിരെ മുതിർന്ന കോൺഗ്രസ് നേതാക്കൾ തന്നെ പരസ്പര വിരുദ്ധമായാണ് ഇപ്പോഴും സംസാരിക്കുന്നത്. നിയമത്തിനെതിരെ ഒരു പ്രതിപക്ഷ സഖ്യത്തെ മുന്നോട്ടുകൊണ്ടുവരുന്നതിൽ കോൺഗ്രസ് പരാജയപ്പെട്ടു. സിഎഎ സമരം കത്തി നിന്ന സമയം, 2020 ജനുവരി 11ന് കോൺഗ്രസിന്റെ ഉന്നതാധികാര കമ്മിറ്റി, ഡൽഹിയിൽ സോണിയ ഗാന്ധിയുടെ അധ്യക്ഷതയിൽ ചേർന്നു. എന്നാൽ, ഈ കമ്മിറ്റിയിൽ പൗരത്വ ഭേദഗതി നിയമത്തിനെതിരായി ഒരക്ഷരം ആരും ഉരിയാടിയില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് നിയമത്തിനെതിരായി നിയമസഭയിൽ ഒരു പ്രമേയം പാസാക്കാനുള്ള വ്യക്തമായ നിർദേശം പോലും കമ്മിറ്റി നൽകിയില്ല.